STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.68/PR/SPMC/PHQ/2024 Date:29.10.2024

# പരിശീലനം പൂർത്തിയാക്കിയ പോലീസ് ഉദ്യോഗസ്ഥരുടെ സത്യപ്രതിജ്ഞാചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി അഭിവാദ്യം സ്വീകരിച്ചു

പരിശീലനം പൂർത്തിയാക്കിയ ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാർ, അസിസ്റ്റൻറ് സബ് ഇൻസ്പെക്ടർമാർ, അസിസ്റ്റൻ്റ് സബ് ഇൻസ്പെക്ടർ (ജി.ഇ) എന്നിവരുടെ സത്യപ്രതിജ്ഞാചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് അഭിവാദ്യം സ്വീകരിച്ചു. തിരുവനന്തപുരത്ത് പോലീസ് ട്രെയിനിങ് കോളേജിലാണ് ചടങ്ങ് സംഘടിപ്പിച്ചത്.

സബ് ഇൻസ്പെക്ടർ ആംഡ് പോലീസ് വിഭാഗത്തിൽ 20 പേരും അസിസ്റ്റൻറ് സബ് ഇൻസ്പെക്ടർ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ ആറുപേരും അസിസ്റ്റൻറ് സബ് ഇൻസ്പെക്ടർ ആംഡ് പോലീസ് വിഭാഗത്തിൽ ഒരാളുമാണ് കേരള പൊലീസ് സേനയുടെ ഭാഗമായത്. സബ് ഇൻസ്പെക്ടർമാരുടെ പരിശീലനം 2023 ഒക്ടോബർ എട്ടിനും അസിസ്റ്റൻറ് സബ് ഇൻസ്പെക്ടർമാരുടെ പരിശീലനം നവംബർ 16നുമാണ് പോലീസ് ട്രെയിനിങ് കോളേജിൽ ആരംഭിച്ചത്.

മികച്ച ഇൻഡോർ കേഡറ്റായി രജീഷ് എം.ആർ, ഔട്ട്ഡോർ കേഡറ്റായി നന്ദ് കിഷോർ യു.എസ്, ഷൂട്ടറും ഓൾ റൗണ്ടറുമായി ജിതേഷ് എം എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

എം. സി. എ. ഉൾപ്പെടെയുള്ള ബിരുദാനന്തരബിരുദം നേടിയ അഞ്ചുപേരും ബി. ടെക്. ബിരുദധാരികളായ ആറുപേരും 15 ബിരുദധാരികളും ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ് സേനാംഗങ്ങൾ. നിയമങ്ങളിലും കായിക ക്ഷമതയിലും ആയുധങ്ങളിലുമുള്ള പരിശീലനത്തിനുപുറമേ ദുരന്തമുഖങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കാനും സമൂഹത്തോട് ഊഷ്മളമായി ഇടപെടാനുമുള്ള പരിശീലനവും ഇവർക്ക് ലഭിച്ചിട്ടുണ്ട്.

*************************


IPS


CHIEF GUEST
29th OCTOBER 2024
EXIT